"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ: **DA2/358/2023-G.EDN** പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്
തിരുവനന്തപുരം, തീയതി: **15-05-2026**

<u>കാരണം കാണിക്കൽ നോട്ടീസ്</u>

**കണ്ണൂർ ചെറുകുന്ന് ജി.ബി.എച്ച്.എസ് ലെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് ശ്രീ. മുഹമ്മദ് അസ്ലം പി-യ്ക്ക് നൽകുന്ന കാരണം കാണിക്കൽ നോട്ടീസ്.**

ചെറുകുന്ന് ജി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് ആയി സേവനമനുഷ്ഠിക്കവേ താങ്കൾ ജോലിയിൽ തികഞ്ഞ അലംഭാവം കാണിക്കുന്നുവെന്നും നിസഹകരണ സ്വഭാവത്തിൽ പെരുമാറുന്നുവെന്നും വിദ്യാലയത്തിൽ സ്ഥിരമായി ഹാജരാകുന്നില്ല താങ്കൾ സ്ഥിരമായി അവധിയിലായതിനാൽ പാഠഭാഗങ്ങൾ പൂർത്തിയാക്കുന്നില്ലായെന്നും ഇത് കുട്ടികളുടെ പഠനമികവിനെ സാരമായി ബാധിക്കുന്നുവെന്നും ടി സ്കൂളിലെ വിദ്യാർഥികളും പി.ടി.എ പ്രസിഡന്റും പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താങ്കളെ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ **12.10.2022** ന് നേരിൽ കേട്ട് താങ്കൾക്ക് **08.11.2022** ന് കർശന താക്കീത് നല്കിയിരുന്നു. തുടർന്നും താങ്കൾ അവധി എടുക്കുന്നത് തുടരുകായാണെന്നും ടി സ്കൂളിലെ പ്രധാനാധ്യാപിക കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ **1960**-ലെ **KCS CCA R 15** പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി താങ്കൾക്ക് കണ്ണൂർ വിദ്യാഭ്യാസ ഡയറക്ടർ **24.12.2022** ലെ എ**3/5946/2022** നം കുറ്റപത്രം കുറ്റാരോപണ പത്രിക എന്നിവ നല്കിയിരുന്നു. ആയതിന് താങ്കൾ സമർപ്പിച്ച **13.01.2023** ലെ പ്രതിവാദപത്രിക തൃപ്തികരമല്ലാത്തതിനാൽ താങ്കളെ **06.02.2023** ൽ കണ്ണൂർ വിദ്യാഭ്യാസ ഡയറക്ടർ കേൾക്കുകയും **1960**-ലെ **KCS CCA R 11(1)(vA)** പ്രകാരം താങ്കളുടെ രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തിൽ തടയുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് **10.03.2023** ലെ എ**3/5946/2022** നം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ആയതിന് താങ്കൾ സമർപ്പിച്ച **18.03.2023** ലെ മറുപടി

തൃപ്തികരമല്ലാത്തതിനാൽ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25.04.2023 ലെ എ3/5946/2022 നം ഉത്തരവ് പ്രകാരം 1960-ലെ KCS CCA R 11(1)(vA) പ്രകാരം താങ്കളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തിൽ തടഞ്ഞു കൊണ്ടും താങ്കളെ മറ്റൊരു വിദ്യാലയത്തിലേയ്ക്ക് സ്ഥലം മാറ്റി കൊണ്ടുമുള്ള ശിക്ഷ നല്കി തീർപ്പാക്കിയിരുന്നു.

ടി ഉത്തരവിനെതിരെ താങ്കൾ സർക്കാർ മുമ്പാകെ സമർപ്പിച്ച 16.10.2023 ലെ അപ്പീൽ സർക്കാർ പരിശോധിക്കുകയും കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25.04.2023 ലെ A3/5946/2022/DDE നം ഉത്തരവ് റദ്ദ് ചെയ്യുകയും താങ്കൾ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ താങ്കൾക്കെതിരെ കണ്ണൂർ വിദ്യാഭ്യാസ ഡയറക്ടർ ആരംഭിച്ച അച്ചടക്കനടപടി കെ.എസ്.ആർ ഭാഗം III ചട്ടം 3(a) പ്രകാരം സർക്കാർ തലത്തിൽ തുടരുവാനും താങ്കൾക്കെതിരെ ഔപചാരിക അന്വേഷണം മുതലുള്ള നടപടികൾ പുനരാരംഭിക്കുന്നതിനും ടി ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് അഡീഷണൽ ഡയറക്ടർ (അക്കാദമിക്) നെ ചുമതലപ്പെടുത്തിയും 03.05.2025-ലെ സ.ഉ(സാധാ) നം.3082/2025/പൊവിവ പ്രകാരം ഉത്തരവായിരുന്നു.

ഔപചാരിക അന്വേഷണത്തിൽ താങ്കളുടെ ഭാഗത്തു നിന്നും അച്ചടക്ക നടപടിയ്ക്ക് ആധാരമായ സംഭവം നടന്നിട്ടുണ്ട് എന്ന് താങ്കൾ രേഖാമൂലം സമർപ്പിച്ചിട്ടുള്ളതും അന്വേഷണത്തിൽ പങ്കെടുത്തവരുടെ മൊഴികളിൽ നിന്നും വ്യക്തമായിട്ടുണ്ട്. ടി ഔപചാരിക അന്വേഷണ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചതിൽ താങ്കൾക്കെതിരെയുള്ള കുറ്റപത്രത്തിൽ പറഞ്ഞിട്ടുള്ള ചാർജ്ജുകൾ നിലനിൽക്കുന്നതാണെന്ന് സർക്കാരിന് ബോധ്യപ്പെടുകയും താങ്കൾക്കെതിരെ കെ.എസ്.ആർ ഭാഗം 3 ചട്ടം 3(a) പ്രകാരമുള്ള അച്ചടക്കനടപടി തുടരുവാൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായി കെ.എസ്.ആർ ഭാഗം III ചട്ടം 3(a) പ്രകാരം താങ്കളുടെ പ്രതിമാസപെൻഷനിൽ നിന്നും ₹1000/- (ആയിരം രൂപ മാത്രം) സ്ഥിരമായി കുറവ് ചെയ്യാനുള്ള താൽക്കാലിക തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസങ്ങൾക്കുള്ളിൽ വിശദീകരണം രേഖാമൂലം സർക്കാരിനെ അറിയിക്കേണ്ടതാണ്. താങ്കളുടെ വിശദീകരണം നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ലഭ്യമായില്ലെങ്കിൽ ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കണമെങ്കിൽ ആക്കാര്യവും മറുപടിയിൽ രേഖപ്പെടുത്തേണ്ടതാണ്.

ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കൂടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മുഹമ്മദ് അസ്ലം പി
എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)(റിട്ട.)
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

നമ്പർ : ഡി.ജി.ഇ/18179/2023-വിബി1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 23/03/2026
E-mail: supdtv.dge@kerala.gov.in

## ഔപചാരിക അന്വേഷണ റിപ്പോർട്ട്

A. ചെറുകുന്ന് ബോയ്സ് എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് അധ്യാപകൻ ആയിരുന്ന ശ്രീ.മുഹമ്മദ് അസ്‌ലം സ്കൂളിൽ കൃത്യമായി ഹാജരായി പാഠഭാഗങ്ങൾ തീർക്കുന്നില്ല എന്ന പരാതി ലഭ്യമായതിനെ തുടർന്ന് ടിയാന് നോട്ടീസ് നൽകിയിരുന്നു. ടിയാനെ കേൾക്കാൻ അവസരം നൽകുകയും ടിയൻ സമർപ്പിച്ച വസ്തുതകൾ പരിശോധിച്ച് കർശ്ശന താക്കീത് നൽകിയിരുന്നു. തുടർന്നും ടിയാൻ മേൽ പ്രവൃത്തി ആവർത്തിച്ചപ്പോൾ ടിയാനെതിരെ അനധികൃത ഹാജരില്ലായ്മയ്ക്ക് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടഞ്ഞു കൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു.

B. മേൽ ഉത്തരവിനെതിരെ ശ്രീ.മുഹമ്മദ് അസ്‌ലം ഫയൽ ചെയ്ത OA 777/2023 യിന്മേൽ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാനോട് സർക്കാരിൽ അപ്പീൽ സമർപ്പിക്കാനും ആയതിൽ തീരുമാനമെടുക്കാനും ഉത്തരവായിരുന്നു. ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടഞ്ഞു കൊണ്ട് ടിയാനെതിരായ അച്ചടക്കനടപടി പൂർത്തീകരിച്ചിരിക്കുന്നത് കെ.സി.എസ്.(സി.സി.എ.) 160 ചട്ടം 15 പ്രകാരമുള്ള കഠിനശിക്ഷയാണ്. എന്നാൽ അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നത്തിയിട്ടില്ല എന്നതിനാൽ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി ക്രമപ്രകാരമല്ല എന്ന് ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും ശ്രീ.മുഹമ്മദ് അസ്‌ലം സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 3(a) പ്രകാരം സർക്കാർ തലത്തിൽ അച്ചടക്ക നടപടി

തുടരുവാൻ തീരുമാനിച്ചതിന്റ ഭാഗമായുള്ള ഔപചാരിക അന്വേഷണത്തിന് അഡീഷണൽ ഡയറക്ടർ (അക്കാദമിക്) നെ ചുമതലപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡി.എ. വകുപ്പിന്റെ 03/05/2025 ലെ സ.ഉ.(സാധാ) നം.3082/2025/GEDN നമ്പർ ഉത്തരവ് ആയിരുന്നു.

C. മേൽ സാഹചര്യത്തിൽ ടി വിഷയത്തിൽ 23/08/2025 ന് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് മേൽ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തിയിരുന്നു.

**D. കുറ്റപത്രം**

ചെറുകുന്ന് ഗവ.ബോയ്സ് എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് ആയ ശ്രീ.മുഹമ്മദ് അസ്‌ലം എന്ന താങ്കൾ ജോലിയിൽ തികഞ്ഞ അലംഭാവം കാണിക്കുന്നു എന്നും നിസഹകരണ സ്വഭാവത്തിൽ പെരുമാറുന്നു എന്നും പിടിഎ പ്രസിഡന്റ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ താങ്കളെയും ബന്ധപ്പെട്ടവരെയും 12/10/2022 നു നേരിൽ കേൾക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾ വിദ്യാലയത്തിൽ ഹാജരായി തന്റെ ജോലി നിർവഹിക്കുന്നതായി കാണുന്നില്ല. അവധി അവകാശമാണെന്ന രീതിയിലുള്ള ടിയാന്റെ പ്രസ്താവന അംഗീകരിക്കാനാവില്ല. ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ടിയാളുടെ ഇത്തരത്തിലുള്ള അവധി എടുക്കൽ വിദ്യാർത്ഥികളിൽ പഠന വിടവിനും പഠന പിന്നാക്കാവസ്ഥയ്ക്കും കാരണമാകും. തനിക്ക് കടുത്ത മാനസിക സമ്മർദ്ദം ആണെന്നും പഠിപ്പിക്കുമ്പോൾ പഴയ കുട്ടികളുടെ മുഖം ഓർമ്മ വരുന്നു എന്നുള്ള പ്രസ്താവനകൾ ടിയാൻ നിലവിൽ തന്റെ ജോലി നിർവ്വഹിക്കാൻ പര്യാപ്തനല്ല എന്നാണ്. ആകയാൽ മേലിൽ ഇത്തരത്തിൽ കുട്ടികളുടെ പഠനത്തിന് തടസ്സമാകുന്ന രീതിയിലുള്ള അവധികൾ അനുവദിനീയമല്ല എന്നും അവധി ആവശ്യമാണെങ്കിൽ മറ്റൊരാൾക്ക് ടി.ഒഴിവിൽ ജോലി ചെയ്യാൻ പര്യാപ്തമായ രീതിയിൽ അവധി അപേക്ഷ നൽകേണ്ടതും അതിനു സാധ്യമാകുന്നില്ലെങ്കിൽ കൃത്യമായി വിദ്യാലയത്തിൽ ഹാജരായി മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാണെന്നും കർശന താക്കീത് നൽകുന്നു. തുടർന്നും ടിയാനിൽ നിന്നും

**<u>ഇത്തരത്തിലുള്ള പ്രവൃത്തികൾ ശ്രദ്ധയിൽ പെടുന്ന പക്ഷം വലിയ അച്ചടക്ക നടപടികൾക്ക് വിധേയനാകുമെന്നും അറിയിക്കുന്നു.</u>** എന്ന രേഖപ്പെടുത്തലോടെ താങ്കൾക്കു ഈ കാര്യാലയത്തിൽ നിന്നും 08/11/2022 നു താക്കീതു നൽകി ഉത്തരവായിരുന്നെങ്കിലും ആയതു കൈപ്പറ്റിയതിനു ശേഷവും താങ്കൾ അവധി എടുക്കുന്നത് തുടരുകയാണ് എന്ന് പ്രധാനാധ്യാപിക അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി ഈ ചാർജ്ജ് മെമ്മോ നൽകുന്നു.

നിങ്ങൾക്ക് എതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ഉദ്ദേശിക്കുന്ന പ്രകാരമുള്ള ശിക്ഷണ നടപടികൾ എടുക്കാതിരിക്കാൻ വല്ല കാരണമുണ്ടെങ്കിൽ ആയത് സമർപ്പിക്കുവാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദ പത്രിക നൽകുന്നതിനായി ഈ വിവരം ലഭിച്ച തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ താങ്കളുടെ പ്രതിവാദ പത്രിക ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നൽകുവാനില്ലെന്ന അനുമാനത്തിൽ തുടർ നടപടികൾ തുടരുന്നതാണ്.

അന്വേഷണത്തിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ

| ക്രമ നം. | പേര് | തസ്തിക | സ്ഥാപനം |
|---|---|---|---|
| <u>പ്രതിഭാഗം</u> | | | |
| 1 | മുഹമ്മദ് അസ്ലം | റിട്ടഅധ്യാപകൻ. | ജി.എച്ച്.എസ്.എസ് ചെറുകുന്ന് |
| <u>വാദിഭാഗം</u> | | | |
| 1 | ഹിരേഷ് ആർ. | പി.ടി.എ പ്രസിഡന്റ് | ജി.എച്ച്.എസ്.എസ് ചെറുകുന്ന് |

E. പങ്കെടുത്തവരുടെ മൊഴികളിൽ പ്രസക്ത ഭാഗം

വാദിഭാഗം

പി.ടി.എ. പ്രസിഡന്റ്, ജി.എച്ച്.എസ്.എസ് ചെറുകുന്ന്

2023-24 അധ്യയന വർഷത്തിൽ ജി.എച്ച്.എസ്.എസ് ചെറുകുന്നം സ്കൂളിലെ സയൻസ് അധ്യാപകൻ ശ്രീ. മുഹമ്മദ് അസ്‌ലം സർ കൃത്യമായി സ്കൂളിൽ വരാതിരിക്കുകയും വന്ന ദിവസങ്ങളിൽ തന്നെ കൃത്യമായി ക്ലാസ്സിൽ പോകാതിരിക്കുകയും ചെയ്ത സാഹചര്യമുണ്ടായിരുന്നു. ഇത് സംബന്ധിച്ച് നേരത്തെ പി.ടി.എ പരാതി ഉന്നയിച്ചിട്ടുണ്ടായിരുന്നു. ടി അധ്യാപകൻ കൃത്യമായി ക്ലാസ് കൈകാര്യം ചെയ്യാതെ വന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ക്ലാസ് ലഭിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനായി പി.ടി.എ. പുറത്ത് നിന്ന് ആളെ വച്ച് കുട്ടികൾക്ക് ക്ലാസ് നൽകുക പോലും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ വിദ്യാർത്ഥികൾക്ക് അത് വലിയ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. കാരണം 8, 9 ക്ലാസുകളിൽ വിദ്യാർത്ഥികൾ പഠിക്കുന്ന പാഠഭാഗങ്ങളുടെ തുടർച്ചയാണ് രസതന്ത്രത്തിലും, ഊർജ്ജതന്ത്രത്തിലും 10-ആം തരത്തിൽ വരുന്നത്. അധ്യയനം നൽകേണ്ട അധ്യാപകൻ കൃത്യമായി തന്നിലർപ്പിതമായ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയതിന്റെ ഫലം അനുഭവിക്കേണ്ടി വന്നത് നിഷ്കളങ്കരായ വിദ്യാർത്ഥികളാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ,തളിപറമ്പ

കൊട്ടില ജി.എച്ച്.എസ്.എസ് ൽ 2021 വർഷം നടന്ന ഓൺലൈൻ ഓണാഘോഷ പരിപാടിയുടെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളുടെ കൂട്ടത്തിൽ ടി സ്കൂളിലെ ഫിസിക്കൽ സയൻസ് അധ്യാപകനായ ശ്രീ. മുഹമ്മദ് അസ്‌ലം പി. എന്നവർ സഭ്യമല്ലാത്ത ഒരു വീഡിയോ "സുന്ദരിക്ക് പൊട്ടുകുത്താം" എന്ന പേരിൽ ക്ലാസ് ഗ്രൂപ്പിൽ ഷെയർ ചെയ്തിരുന്നു എന്നതാണ് പരാതിയായി ഉന്നയിച്ചിട്ടുള്ളത്.

മേൽ വിഷയം അന്വേഷിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർ ആവശ്യപ്പെട്ടതിന്റെ ഭാഗമായി പ്രധാനാധ്യാപകൻ, പി.ടി.എ. പ്രസിഡന്റ്, പി.ടി.എ, രക്ഷിതാക്കൾ, ശ്രീ. മുഹമ്മദ് അസ്‌ലം.പി എന്നിവരിൽ നിന്നും റിപ്പോർട്ട് ശേഖരിച്ചിരുന്നു. **12.08.2021** ന് വിദ്യാലയത്തിൽ ചേർന്ന സംയുക്ത എസ്.ആർ.ജി ഓൺലൈൻ യോഗത്തിൽ ഓണപ്പൂക്കളം, ഓണപ്പാട്ടുകൾ, ഡിജിറ്റൽ പൂക്കളം എന്നീ പരിപാടികളാണ് **2021** വർഷം ഓണാഘോഷത്തിന്റെ ഭാഗമായി നടത്തുവാൻ തീരുമാനിച്ചിരുന്നത്. ടി പരിപാടികളുടെ ഭാഗമായി വിദ്യാർത്ഥികളുടെ വീട്ടിൽ നിന്നും ഫോട്ടോകൾ ക്ലാസ് ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നതിനിടയിലാണ് **21.08.2021** ന് **7.50** ന് സഭ്യമല്ലാത്ത ഒരു വീഡിയോ "സുന്ദരിക്ക് പൊട്ടുകുത്തൽ" എന്ന പേരിൽ ക്ലാസ് ഗ്രൂപ്പുകളിൽ ശ്രീ. മുഹമ്മദ് അസ്‌ലം.പി ഷെയർ ചെയ്തത് എന്നാണ് പ്രധാനാധ്യാപിക അറിയിച്ചിട്ടുള്ളത്. ശ്രദ്ധയിൽ പെട്ട ഉടൻ തന്നെ ആയത് ഡിലീറ്റ് ചെയ്യുവാൻ ആവശ്യപ്പെടുകയും അധ്യാപകൻ അത് ഡിലീറ്റ് ചെയ്യുകയുമുണ്ടായി. എന്നാൽ ഒരു ക്ലാസ് ഗ്രൂപ്പിൽ വാട്സ് ആപ്പിലെ '**Delete for me**' എന്ന ഓപ്ഷൻ പ്രകാരം delete ചെയ്തതിനാൽ ആയത് ഡിലീറ്റ് ആയിരുന്നില്ല. ആയതിന് ശ്രീ. മുഹമ്മദ് അസ്‌ലം പി. വാട്സ് ആപ്പിലൂടെ ക്ഷമാപണം നടത്തുകയും ചെയ്തിട്ടുണ്ട് എന്ന് പ്രധാനാധ്യാപിക അറിയിച്ചിരുന്നു. പിന്നീട് രക്ഷിതാക്കളുടെ പരാതിയെ തുടർന്ന് ടി അധ്യാപകനെ ഓൺലൈൻ ക്ലാസ് കൈകാര്യം ചെയ്യുന്നതിൽ നിന്നും വാട്സ് ആപ്പ് ക്ലാസ് ഗ്രൂപ്പുകളിൽ നിന്നും ഒഴിവാക്കുകയാണ് പ്രധാനാധ്യാപിക ചെയ്തിട്ടുള്ളത്. **2020** ഫെബ്രുവരി മാസം ടി അധ്യാപകനെതിരെ ഒരു വിദ്യാർത്ഥി സംഘടന പരാതി നൽകിയിരുന്നു എന്ന് പ്രധാനാധ്യാപിക അറിയിച്ചിരുന്നു. പരാതി എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. ടി പരാതി പി.ടി.എ. കമ്മിറ്റിക്ക് കൈമാറുകയാണ് ചെയ്തത് എന്നാണ് പ്രധാനാധ്യാപിക പറഞ്ഞിട്ടുള്ളത്. **2021** കാലയളവിൽ വിദ്യാലയത്തിൽ ഫിസിക്സ് അധ്യാപകൻ ഇല്ലാത്തതിനാൽ കെമിസ്ട്രി അധ്യാപകനായ ശ്രീ. മുഹമ്മദ് അസ്‌ലം പി. ഫിസിക്സ് വിഷയം കൂടി കൈകാര്യം ചെയ്തിരുന്നു എന്നു ടിയാൻ എസ്.ആർ.ജി കൺവീനർ കൂടി ആയിരുന്നു എന്നും പ്രധാനാധ്യാപിക അറിയിച്ചിട്ടുണ്ട്.

ശ്രീ. മുഹമ്മദ് അസ്‌ലം പി. എന്ന അധ്യാപകൻ മുൻ വർഷങ്ങളിൽ ജോലി ചെയ്തിരുന്ന വിദ്യാലയങ്ങളിൽ ഉണ്ടായ പെരുമാറ്റ ദൂഷ്യത്തെ തുടർന്ന് പി.ടി.എ. യും അധ്യാപകരും നൽകിയ പരാതിയെ തുടർന്ന് സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായാണ് കൊട്ടില ജി.എച്ച്.എസ്.എസ് ലേക്ക് സ്ഥലം മാറ്റപ്പെട്ടത് എന്ന അറവാണ് പി.ടി.എ. കമ്മിറ്റിക്ക് ഉള്ളത്. ഈ അദ്ധ്യാപകൻ പെൺകുട്ടികളോട് അപമര്യാദയായി പെരുമാറുകയും വിദ്യാർത്ഥി സംഘടനകൾ വിഷയം രേഖാമൂലം പി.ടി.എ. ക്ക് നൽകിയിരുന്നു എന്നും വിഷയം അന്വേഷിച്ച് നിജസ്ഥിതി മനസ്സിലാക്കുന്നതിന് സ്കൂൾ സ്റ്റാഫ് സെക്രട്ടറി, സീനിയർ അദ്ധ്യപിക, പി.ടി.എ. പ്രസിഡന്റ് എന്നിവരെ ചുമതലപ്പെടുത്തുകയും അവർ കുട്ടികളിൽ നിന്നും മനസ്സിലാക്കിയ കാര്യങ്ങൾ എന്താണെന്ന് അറിയിച്ചിട്ടില്ല. കോവിഡ് 19 നെ തുടർന്ന് സ്കൂൾ അടച്ചിടുകയും വിദ്യാലയങ്ങളിൽ ക്ലാസ് നടക്കാതിരിക്കുകയും ചെയ്ത സാഹചര്യമായതിനാൽ തുടർനടപടികൾ സ്വീകരിച്ചില്ല എന്നും ഓണഘോഷവുമായി ബന്ധപ്പെട്ട് വീണ്ടും രക്ഷിതാക്കളിൽ നിന്നും പരാതി ലഭിച്ച സാഹചര്യത്തിലാണ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് പരാതി നൽകിയത് എന്നുമാണ് പി.ടി.എ. കമ്മിറ്റി അറിയിച്ചിട്ടുള്ളത്. അശ്ലീല ചുവ കലർന്ന വീഡിയോ വാട്സാപ്പ് ഗ്രൂപ്പുകളിൽ അദ്ധ്യാപകൻ ഷെയർ ചെയ്തു എന്നുതന്നയാണ് രക്ഷിതാക്കളും പരാതിയായി അറിയിച്ചിട്ടുള്ളത്.

ഫിസിക്സ് അദ്ധ്യാപക തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ സ്കൂളിൽ തന്റെ വിഷയമായ കെമിസ്ടിക്ക് പുറമെ ഫിസിക്സ് ക്ലാസ്സുകൾ കൂടി കൈകാര്യം ചെയ്യുക എന്ന ഇരട്ടി ജോലി കൂടി താൻ സ്കൂളിൽ നിർവഹിക്കുന്നുണ്ട് എന്നും അവയ്ക്ക് പുറമെ കോവിഡ് ഡ്യൂട്ടിയും ടി കാലയളവിൽ താൻ ചെയ്യുന്നുണ്ട് എന്നും ശ്രീ. മുഹമ്മദ് അസ്‌ലം.പി അറിയിച്ചിട്ടുണ്ട്. ഇതിനിടയിലാണ് മേൽ പ്രസ്താവിച്ച പ്രകാരം ഓണാഘോഷത്തോട് ബന്ധപ്പെട്ട് സ്കൂളിൽ ഗ്രൂപ്പിൽ "സുന്ദരിക്ക് പൊട്ടുകുത്താം" എന്ന് ക്യാപ്ഷനോടെ ഉത്തരവാദപ്പെട്ട അധ്യാപക ഗ്രൂപ്പിൽ അധ്യാപികമാർ സ്ക്രീൻ ഷോട്ട് ഉൾപ്പെടെ പങ്കുവെച്ച ഒരു ഗെയിം താൻ പങ്കുവച്ചത് എന്നും ഇന്നോളം ക്ലാസ് ഗ്രൂപ്പുകളിൽ തെറ്റായ ഒരു മെസ്സേജ് അബദ്ധത്തിൽ പോലും ഷെയർ ചെയ്തിട്ടില്ല എന്നും ശ്രീ. മുഹമ്മദ് അസ്‌ലം പി അറിയിച്ചിട്ടുണ്ട്. താൻ അയച്ച ഈ ഗെയിംനെ തെറ്റായി ചിത്രീകരിക്കുകയും മോശം

വീഡിയോ എന്ന നിലയിൽ വളച്ചൊടിച്ചുമാണ് പരാതി നൽകിയിരിക്കുന്നത് എന്നും 30 വർഷം സേവനം പൂർത്തിയാക്കിയ തന്നെ കുട്ടികൾക്കിടയിൽ അപകീർത്തിപ്പെടുത്തുക എന്ന ദുരുദ്ദേശമാണ് ഇതിന് പിന്നിൽ എന്നുമാണ് ശ്രീ. മുഹമ്മദ് അസ്‌ലം പി. അറിയിച്ചിട്ടുള്ളത്.

വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ

ഓണാഘോഷ പരിപാടിയുടെ ഭാഗമായി കൊട്ടില ഗവ.ഹൈസ്കൂളിലെ അധ്യാപകനായിരുന്ന ശ്രീ. മുഹമ്മദ് അസ്‌ലം മുൻകൂട്ടി തീരുമാനിക്കാത്തതും സഭ്യമല്ലാത്തതുമായ ഒരു പരിപാടിയുടെ വീഡിയോ പ്രധാനാധ്യാപികയായ തന്റെ അറിവോ സമ്മതമോ കൂടാതെ ഹൈസ്കൂൾ ക്ലാസ് ഗ്രൂപ്പുകളിൽ അയക്കുകയുണ്ടായി എന്നും ഇതുമായി ബന്ധപ്പെട്ടു 9 ബി ക്ലാസ്സിലെ ഒരു കുട്ടിയുടെ രക്ഷിതാവ് ഫോൺ മുഖേന പരാതി പറഞ്ഞു എന്നും ആയതിനാൽ ടി അധ്യാപകനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും അറിയിച്ചുകൊണ്ട് പ്രാധാനാധ്യാപിക ഈ കാര്യാലയത്തിൽ കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി മേൽ പരാതി തളിപ്പറമ്പ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അയച്ചുകൊടുക്കുകയുണ്ടായി. കൊട്ടില ഗവ.ഹൈസ്കൂളിലെ പി.ടി.എ. പ്രസിഡന്റിന്റെ പരാതിയിൽ ശ്രീ. മുഹമ്മദ് അസ്‌ലം പെൺകുട്ടികളോട് അപമര്യാദയായി പെരുമാറുകയും ലൈംഗിക ചുവയുള്ള ഭാഷയും ഭാവവും പ്രകടിപ്പിക്കുക, ക്ലാസ് മുറികളിൽ ഫോട്ടോ എടുക്കുക, കുട്ടികൾക്ക് ഇഷ്ടപ്പെടാത്ത വിധം പെരുമാറ്റ ദൂഷ്യം പ്രകടിപ്പിക്കുക എന്നിങ്ങനെ ഒരു അധ്യാപകന്റെ പെരുമാറ്റ ചട്ടത്തിനു വിരുദ്ധമായി സ്വഭാവ ദൂഷ്യങ്ങൾ പ്രകടിപ്പിക്കുന്നു എന്നും മേൽ സാഹചര്യത്തിൽ ടിയാനെതിരെ നടപടികൾ സ്വീകരിക്കണമെന്നും ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുപ്പിക്കരുതെന്നും അപേക്ഷിച്ചിരുന്നു. കൂടാതെ രക്ഷിതാക്കളായ ശ്രീ. സന്തോഷ് കുമാർ.പി.വി, ശ്രീ. രാമകൃഷ്ണൻ മാവില വീട്, ശ്രീ. ശിവദാസൻ ഒ.പി, ശ്രീ. പ്രജിത്ത് കുമാർ.പി.ടി എന്നിവർ സംയുക്തമായി പി.ടി.എ. യ്ക്കും പ്രധാനാധ്യാപികയ്ക്കും പരാതി നൽകിയിരുന്നു. തളിപ്പറമ്പ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ ടിയാൻ സഭ്യമല്ലാത്ത വീഡിയോ

ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു എന്നും പ്രധാനാധ്യാപിക ആവശ്യപ്പെട്ടതിനെ തുടർന്ന് ഡിലീറ്റ് ചെയ്തു എന്നും ഒരു ക്ലാസ് ഗ്രൂപ്പിൽ നിന്നും ഡിലീറ്റ് ഫോർ മി എന്ന ഓപ്ഷൻ ഉപയോഗിച്ചതിനാൽ ഡിലീറ്റ് ചെയ്യാൻ സാധിച്ചില്ല എന്നും രക്ഷിതാക്കളും പി.ടി.എ. പ്രസിഡന്റും അധ്യാപകന്റെ നടപടിക്കെതിരെ പ്രധാനാധ്യാപികയ്ക്ക് രേഖാമൂലം പരാതി നൽകുകയും പ്രധാനാധ്യാപികയുടെ നടപടിയ്ക്ക് സ്റ്റാഫ് കൗൺസിൽ പിന്തുണ പ്രഖ്യാപിച്ചു എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രീ. മുഹമ്മദ് അസ്‌ലം ടിയാനെതിരെ ബോധപൂർവ്വം നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണ് ഈ വിവാദം എന്ന് ബോധിപ്പിച്ചു എന്ന് അറിയിക്കുകയുണ്ടായി എന്നിരുന്നാലും പ്രധാനാധ്യാപികയും പി.ടി.എ. യും ഉന്നയിച്ച പരാതി വസ്തുതാപരമാണെന്നും പങ്കുവെച്ച സുന്ദിരിക്ക് ഒരു പൊട്ടുകുത്തൽ എന്ന വീഡിയോയിൽ ചെറിയ തോതിൽ ആണെങ്കിൽ പോലും അശ്ലീലം ഉണ്ടെന്നു കണ്ടെത്തി എന്നു കുട്ടികളുടെ ഗ്രൂപ്പിൽ ഇത് പങ്കുവെച്ചത് ശരിയായ നടപടി അല്ല എന്നും ഒരു അധ്യാപകന് യോജിക്കാത്തതാണെന്നും കണ്ടെത്തിയതായി അറിയിക്കുകയുണ്ടായി.

അധ്യാപകന്റെ ഭാഗത്തു നിന്നും ഉണ്ടായത് ഗുരുതരമായ സ്വാഭാവ ദൂഷ്യവും അച്ചടക്ക ലംഘനവും അദ്ധ്യാപകൻ എന്ന നിലയിൽ ധാർമിക മൂല്യങ്ങളുടെ ലംഘനവുമാണ് എന്നതിനാൽ ടിയാനെ ഉടൻ പ്രാബല്യത്തിൽ സ്ഥലം മാറ്റുന്നതിനായി ഈ കാര്യാലയത്തിലെ എ1 സെക്ഷന് അനൗദ്യോഗിക കത്ത് നൽകുകയും തുടർന്ന് പ്രസ്തുത സെക്ഷനി നിന്ന് **11.10.2021** ലെ **എ1/5073/2020** ഉത്തരവ് പ്രകാരം ചെറുകുന്ന് ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലേക്ക് സ്ഥലം മാറ്റുകയുമാണുണ്ടായത്.

ആയതിനു ശേഷം ചെറുകുന്ന് ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലെ പി.ടി.എ. പ്രസിഡന്റ് നൽകിയ പരാതിയിൽ ശ്രീ. മുഹമ്മദ് അസ്‌ലം ആഴ്ചതോറും 3 ഉം 4 ഉം ദിവസം ലീവ് ആണെന്നും ഇതേപ്പറ്റി അധ്യാപകനോട് ആരാഞ്ഞപ്പോൾ വകുപ്പ് തന്ന അന്യായമായാണ് ഈ വിദ്യാലയത്തിലേക്ക് സ്ഥലം മാറ്റിയത് എന്നും ആയതിനാലാണ് ക്ലാസ്സിൽ പോകാത്തത് എന്നും ഈ സ്കൂളിൽ ക്ലാസ്സിൽ പോകാതെ ഇരുന്നാൽ പി.ടി.എ. ഇടപെട്ടു തന്നെ പഴയ സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്യിക്കും എന്ന് പ്രതീക്ഷിക്കുന്നു എന്നും പറഞ്ഞതായി ആരോപിക്കുന്നുണ്ട്. പത്താം ക്ലാസ് ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ

അദ്ധ്യാപകൻ തീരെ ക്ലാസ് ആരംഭിക്കാത്ത ഡിവിഷൻ ഉണ്ടെന്നു മനസ്സിലാക്കുന്നതായും മേൽ സാഹചര്യത്തിൽ ടിയാനെ എത്രയും പെട്ടെന്ന് സ്ഥലം മാറ്റണമെന്നും അപേക്ഷിക്കുകയുണ്ടായി. കുട്ടികളിൽ നിന്നും ലഭിച്ച പരാതികളും പി.ടി.എ. പ്രസിഡന്റ് ഹാജരാക്കുകയുണ്ടായി.കുടാതെ പ്രധാനാധ്യാപികയും ടിയാനെതിരെ പരാതി നൽകുകയുണ്ടായി. മേൽ പരാതിയിൽ ശ്രീ. മുഹമ്മദ് അസ്‌ലം പാഠ്യ പ്രവർത്തനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്ന രീതിയിൽ ഉള്ള നിലപാടാണ് സ്വീകരിക്കുന്നത് എന്നും അവധി എടുക്കുന്നത് നിയന്ത്രിക്കണമെന്ന് വാക്കാൽ ആവശ്യപ്പെട്ടിരുന്നു എങ്കിലും പാലിക്കാത്തതിനാൽ പി.ടി.എ. യുടെ നിർദ്ദേശ പ്രകാരം ഇനി മുതൽ ലീവ് അനുവദിക്കുന്നതല്ലെന്നു അറിയിച്ചു കത്ത് നൽകിയിരുന്നു എന്നും മേൽ കത്തിന് നൽകിയ മുറപടിയിൽ മാനസിക പ്രയാസം മൂലം ചിലപ്പോൾ ലീവ് എടുക്കേണ്ടി വന്നിട്ടുണ്ട് എന്നും ചികിത്സ രേഖകളുടെ കോപ്പി താൻ മുൻ സ്കൂൾ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് എന്നും ഈ വിദ്യാലയത്തിൽ ജോലി ചെയ്യുന്നതിന് മാനസികമായി പ്രയാസമുണ്ട് എന്നും പറഞ്ഞതായി അറിയിച്ചിരുന്നു. കൂടാതെ ടിയാനെ സ്കൂളിൽ നിന്നും സ്ഥലം മാറ്റണമെന്നും അപേക്ഷിച്ചിരുന്നു. മേൽ പരാതികളുടെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്ന് ടിയാന് നോട്ടീസ് നൽകുകയുണ്ടായി.

നോട്ടീസിന് ശ്രീ. മുഹമ്മദ് അസ്‌ലം നൽകിയ മറുപടിയിൽ പി.ടി.എ. പ്രസിഡന്റ് നൽകിയ പരാതി അടിസ്ഥാന രഹിതമാണെന്നും മെന്റൽ ഡിപ്രഷൻ കാരണം ദൈനംദിന കാര്യങ്ങൾ പോലും ചെയ്യോൻ പ്രയാസമനുഭവിക്കുന്ന താൻ ക്ലാസ്സുകളുടെ മുഖം ഓർമ്മയിൽ വരികയും വിശദീകരിക്കണ്ട ഭാഗങ്ങൾ മറന്നു പോവുകയും ചെയ്യുന്നു എന്നും കുട്ടികളോട് ദേഷ്യം വരുന്നു എന്നും ഈ അവസ്ഥ ആവർത്തിക്കുമ്പോൾ ലീവ് എടുക്കേണ്ടി വരുന്നു എന്നും ടെൻഷൻ വരുമ്പോൾ ശക്തമായ തലവേദന പതിവാണ് എന്നും താൻ പരിയാരം മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗം ഡോക്ടറുടെ ചികിത്സ തേടിയിരുന്നു എന്നും ചികിത്സ രേഖകൾ മുന്നോ തന്നെ സ്കൂൾ ഓഫീസിൽ ഹാജരാക്കിയിരുന്നു എന്നും അന്യായമായി സ്ഥലം മാറ്റിയതാണ് തന്നെ മാനസികമായി തളർത്തിയത് എന്നും ഏറ്റവും സീനിയർ ആയ തനിക്കു ഓൺലൈൻ ട്രാൻസ്ഫർ വഴി

സ്ഥലം മാറ്റം നൽകിയില്ല എന്നും മാനസികമായ ബുദ്ധിമുട്ട് നാൾക്കുനാൾ വർദ്ധിച്ചു വരുന്ന തനിക്കു നിലവിലെ വിദ്യാലയത്തിലെ വിദ്യാർത്ഥികളോട് നീതി പുലർത്താൻ ആവുന്നില്ല എന്നും തനിക്കു താൻ ഓപ്റ്റ് ചെയ്ത സ്കൂളിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

ശ്രീ. മുഹമ്മദ് അസ്ലമിനെയും ബന്ധപ്പെട്ടവരെയും നേരിൽ കേൾക്കുന്നതിനായി നോട്ടീസ് നൽകുകയും 12.10.2022 നു ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയുണ്ടായി. പരാതിക്ക് കാരണക്കാരനായ അധ്യാപകൻ ശ്രീ. മുഹമ്മദ് അസ്‌ലം കൃത്യമായി വിദ്യാലയത്തിൽ ഹാജരായി തന്റെ ജോലി നിർവ്വഹിക്കുന്നതായി കാണുന്നില്ല എന്നതിനാലും അവധി അവകാശമാണെന്ന രീതിയിലുള്ള ടിയാന്റെ പ്രസ്ഥാവന അംഗീകരിക്കാനാവില്ല എന്നതിനാലും ശാസ്ത്ര വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ടിയാളുടെ ഇത്തരത്തിലുള്ള അവധി എടുക്കൽ വിദ്യാർത്ഥികളിൽ പഠന വിടവിനും പഠന പിന്നോക്കാവസ്ഥയ്ക്കും കാരണമാകും എന്നതിനാലും തനിക്ക് കടുത്ത മാനസിക സമ്മർദ്ദം ആണെന്നും പഠിപ്പിക്കുമ്പോൾ പഴയകുട്ടികളുടെ മുഖെ ഓർമ്മ വരുന്നു എന്നുള്ള പ്രസ്താവനകൾ ടിയാൻ നിലവിൽ തന്റെ ജോലി നിർവ്വഹിക്കാൻ പര്യാപ്തനല്ല എന്നതിനാലും മേലിൽ ഇത്തരത്തിൽ കുട്ടികളുടെ പഠനത്തിന് തടസ്സമാകുന്ന രീതിയിലുള്ള അവധികൾ അനുവദനീയമല്ല എന്നും, അവധി ആവശ്യമാണെങ്കിൽ മറ്റൊരാൾക്ക് ടി ഒഴിവിൽ ജോലി ചെയ്യാൻ പര്യാപ്തമായ രീതിയിൽ അവധി അപേക്ഷ നൽകേണ്ടതും അതിനു സാധ്യമാകുന്നില്ലെങ്കിൽ കൃത്യമായി വിദ്യാലയത്തിൽ ഹാജരായി മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കേണ്ടതാണെന്നും തുടർന്നും ഇത്തരത്തിലുള്ള പ്രവൃത്തികൾ ആവർത്തിക്കുകയാണെങ്കിൽ വലിയ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന അറിയിപ്പോടെ കർശന താക്കീത് നൽകിയിരുന്നു.

ആയതിനു ശേഷവും അവധി എടുക്കുന്നത് തുടരുകയാണ് എന്നും ആയതു കുട്ടികളുടെ പഠന പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ ടിയാനെ സ്ഥലം മാറ്റി തരണമെന്ന് ചെറുകുന്ന് ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലെ പ്രധാനാധ്യാപിക അപേക്ഷിച്ചിരുന്നു. കർശന താക്കീതു നൽകിയിട്ടും ടിയാൻ അവധി എടുക്കുന്നത്

തുടരുകയാണ് എന്നുള്ളതിനാൽ ടിയാന് ചാർജ് മെമ്മോ നൽകുകയുണ്ടായി. ചാർജ് മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച മറുപടിയിൽ ചാർജ് മെമ്മോയിലെ ആരോപണങ്ങൾ ശരിയല്ലെന്നും പാഠഭാഗങ്ങൾ പൂർത്തിയാക്കി കൊണ്ടിരിക്കുകയാണെന്നും ഉത്തരപേപ്പറുകൾ സമയബന്ധിതമായി മൂല്യനിർണ്ണയം ചെയ്തു കൊടുത്തിട്ടുണ്ടെന്നും കൃത്യനിർവ്വഹണത്തിൽ പോരായ്മ ഉണ്ടായിട്ടുണ്ടാകാം അലംഭാവം ഉണ്ടായിട്ടില്ല എന്നും നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളം താമസിപ്പിക്കുകയും, വെട്ടിക്കുറക്കുകയും ചെയ്തപ്പോൾ പ്രതികരിച്ചത് എങ്ങനെയാണ് നിസ്സഹകരണമായി വ്യാഖ്യാനിക്കുന്നത് എന്നും ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ വർധിക്കുന്ന അവസരത്തിൽ ആണ് അവധി എടുക്കുന്നത് എന്നും ഇക്കാര്യത്തിൽ മനുഷ്യത്വപരമായ വിട്ടുവീഴ്ചകൾ ഉണ്ടാകണമെന്നും താൻ ഒരാളുടെ വരുമാനം കൊണ്ടാണു 4 അംഗ കുടുംബം കഴിഞ്ഞു പോകുന്നത് എന്നും ഒരു വർഷം സർവ്വീസ് തൃപ്തികരമായി പൂർത്തികരിക്കുവാൻ അനുവദിക്കണമെന്നും തന്റെ ദുരവസ്ഥയ്ക്ക് അടിസ്ഥാന കാരണം വിശദീകരിക്കുവാനും പരിഹാരം കാണുവാനും തന്നെ നേരിൽ കേൾക്കണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 06.02.2023 ന് പി.ടി.എ. പ്രസിഡന്റ്, സ്റ്റാഫ് സെക്രട്ടറി, സബ്ജെക്ട് കൺവീനർ, ശ്രീ. മുഹമ്മദ് അസ്‌ലം എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി.

ശ്രീ. മുഹമ്മദ് അസ്ലം കൃത്യമായി ക്ലാസ് നൽകുന്നതിൽ പരാജയമാണെന്നും കുട്ടികളുടെ മൗലികമായ അവകാശം നിഷേധിക്കുകയാണെന്നും മാനസികമായി ക്ലാസ്സ് എടുക്കാൻ പര്യാപ്തനല്ല എന്നും അർദ്ധ വാർഷിക പരീക്ഷയ്ക്ക് മുമ്പും ശേഷവും പഠിപ്പിച്ചു തീർക്കാനോ മൂല്യനിർണ്ണയം പൂർത്തിയാക്കാനോ കഴിഞ്ഞില്ല എന്നും ഗുരുതരമായ വീഴ്ച വരുത്തിയ ടിയാനെതിരെ കർശന നടപടി സ്വീകരിക്കണമെന്നും പി.ടി.എ. പ്രസിഡന്റ് ആവശ്യപ്പെടുകയും, ടിയാൻ ഇപ്പോഴും ലീവ് എടുക്കുകയാണെന്നും മേൽ ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല എന്നും സ്കൂൾ സമയത്തിന് പുറമെ ക്ലാസുകൾ കൈകാര്യം ചെയ്യാൻ തയ്യാറല്ല എന്നും പല കുട്ടികളുടെയും രക്ഷിതാക്കൾ ടിയാന്റെ നിലപാടിൽ മാറ്റമില്ലാത്ത സാഹചര്യത്തിലും ടിയാന്റെ മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിലും ടിയാന്റെ 2 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെ തടഞ്ഞു

വെക്കുന്നതാണെന്നു കാണിച്ചു ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. മുഹമ്മദ് അസ്‌ലം നൽകിയ മറുപടിയിൽ പരാതിയിന്മേൽ കൃത്യമായ വിശദീകരണം താൻ നൽകിയിരുന്നു എന്നും മറ്റു വർഷങ്ങളിലെ പോലെ തന്നെ ക്ലാസ്സുകൾ നൽകിയിരുന്നു എന്നും ജനുവരി മുതൽ കാഷ്വൽ ലീവ് മാത്രമേ എടുത്തിരുന്നുള്ളൂ എന്നും പ്രയാസങ്ങളും അതിനെ തുടർന്ന് ഉണ്ടാകുന്ന ശാരീരിക ബുദ്ധിമുട്ടുകളും പ്രയാസപ്പെടുത്തുമ്പോഴാണ് ലീവ് എടുത്തത് എന്നും അച്ചടക്ക ലംഘനം നടത്തിയിട്ടില്ലാത്തതിനാൽ നടപടി പിൻവലിക്കണമെന്നും അപേക്ഷിച്ചിരുന്നു. കൂടാതെ 2024 മാർച്ച് 31 നു വിരമിക്കേണ്ടത്തിനാൽ നടപടി പിൻവലിക്കണമെന്നും അപേക്ഷിക്കുന്നു. കൂടാതെ 2024 മാർച്ച് 31 നു വിരമിക്കേണ്ടതിനാൽ തന്നെ കൊട്ടില ഗവ.ഹയർ സെക്കന്ററി സ്കൂളിലേക്ക് തന്നെ സ്ഥലം മാറ്റണമെന്നും അപേക്ഷ തള്ളിക്കളയുന്ന സാഹചര്യത്തിൽ സർവ്വീസ് പൂർത്തിയാക്കുവാൻ സാധിക്കുകയില്ല എന്നും അറിയിച്ചു.

ഇത്തരത്തിൽ ഒരു അവസ്ഥയിലുള്ള വ്യക്തി കുട്ടികളുടെ പഠനം തടസ്സപ്പെടുത്തുന്ന രീതിയിൽ അവധി എടുക്കുകയാണ് ചെയ്തിട്ടുള്ളത്. ദീർഘകാല അവധി ആവശ്യമുള്ള ഒരു വ്യക്തി അത്തരത്തിലുള്ള അവധി അപേക്ഷകളൊന്നും സമർപ്പിച്ചിട്ടുമില്ല. എന്നിരുന്നാലും ടിയാന്റെ അപേക്ഷ പരിഗണിച്ച് ടിയാന് മേൽ ചുമത്തിയിട്ടുള്ള സഞ്ചിത ഫലത്തോടെയുള്ള 2 വാർഷിക ഇൻക്രിമെന്റ് തടയൽ 1 ആയി ചുരുക്കിക്കൊണ്ടും വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ടിയാന്റെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല എന്ന് കണ്ടെത്തിയതിനാലും ടിയാൻ വിദ്യാലയത്തിൽ തുടരുവാൻ സാധിക്കുകയില്ല എന്ന് മുന്നേ തന്നെ അറിയിച്ചതിനാലും ടിയാനെ മറ്റൊരു വിദ്യാലയത്തിലേക്ക് മാറ്റുവാൻ നിർദ്ദേശം നൽകിക്കൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കുകയാണുണ്ടായത്.

<u>പ്രതിഭാഗം</u>

**മുഹമ്മദ് അസ്‌ലം ,റിട്ടയർഡ് ടീച്ചർ, ജി.എച്ച്.എസ്.എസ് ചെറുകുന്ന്**

2021 നവംബർ മാസം മുതൽ 2023 സെപ്റ്റംബർ വരെ ഞാൻ ചെറുകുന്ന് ഗവ.ബോയ്സ് ഹൈസ്കൂളിൽ ഫിസിക്കൽ സയൻസ് അധ്യാപകനായിരുന്നു. പ്രസ്തുത കാലയളവിൽ ഞാൻ ഹാഫ് പേ ലീവ് എടുത്തതുമായി ബന്ധപ്പെട്ട വിഷയത്തിൽ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ എന്ന നിർബന്ധപൂർവ്വം സ്ഥലം മാറ്റുകയും ഒരു ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ കട്ട് ചെയ്യുകയും ചെയ്തിരുന്നു. ഇത് ഞാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ചോദ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം റദ്ദ് ചെയ്യുകയും സർക്കാരിൽ അപ്പീൽ നൽകുകയും ചെയ്തു.

ചെറുകുന്ന് ഹൈസ്കൂളിൽ 2 വർഷമായി ജോലി ചെയ്യാൻ സാധിക്കാത്ത രീതിയിൽ ഞാൻ മാനസികമായി പ്രയാസത്തിലായിരുന്നു (മുൻ സ്കൂളിൽ നിന്ന് അന്യായമായി സ്ഥലം മാറ്റിയതിൽ പിന്നെ ഞാൻ കടുത്ത മെന്റൽ ഡിപ്രഷനിൽ ആയിരുന്നു.)

ആയതിനാൽ റദ്ദ് ചെയ്ത ഇൻക്രിമെന്റ് അനുവദിച്ച് ഉത്തരവാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

| **1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15(10) പ്രകാരമുള്ള രേഖകൾ** | | |
|---|---|---|
| I | അന്വേഷണ അറിയിപ്പ് | ഉള്ളടക്കം ചെയ്യുന്നു. |
| II | അന്വേഷണത്തിൽ പങ്കെടുത്തവരുടെ ഹാജർ രേഖപ്പെടുത്തിയതിന്റെ പകർപ്പ് | ഉള്ളടക്കം ചെയ്യുന്നു. |
| III | അന്വേഷണവിചാരണയിൽ ലഭ്യമായ മൊഴികൾ | റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്യുന്നു. |
| IV | അന്വേഷണവിചാരണയിൽ പരിഗണിക്കപ്പെട്ട രേഖാമൂലമായ തെളിവുകളും | ഉള്ളടക്കം ചെയ്യുന്നു. |

## കണ്ടെത്തലും വിശകലനവും

അനധികൃത ഹാജരില്ലായ്മയും അനുബന്ധമായി ജോലിയിൽ തുടർന്ന അലംഭാവത്തിനുമാണ് ശ്രീ.മുഹമ്മദ് അസ്‌ലം ന് മേൽ കുറ്റപത്രം നൽകിയിട്ടുള്ളത്. മുൻ സ്കൂളിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട് ടിയാനെ സ്ഥലം മാറ്റിയിരുന്നു. ആയതിലെ കടുത്ത മാനസിക സംഘർഷം കാരണമാണ് തുടരെ ലീവ് എടുക്കുന്നതും പഠിപ്പിക്കാൻ സാധിക്കാത്തതും എന്നാണ് ടിയാന്റെ വാദം. എന്നിരുന്നാലും കുട്ടികളോടുള്ള ഒരു അധ്യാപകന്റെ ഉത്തരവാദിത്വം മറന്നു കൊണ്ടുള്ള ടി പ്രവണത അംഗീകരിക്കാവുന്നതല്ല. ഒരു തവണ മേൽ വിഷയത്തിൽ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ടിയാനെ നേരിൽ കേട്ടിരുന്നു. മേലിൽ ഇത്തരത്തിൽ കുട്ടികളുടെ പഠനത്തിന് തടസ്സമാകുന്ന രീതിയിലുള്ള അവധികൾ അനുവദനീയമല്ല എന്നും. അവധി ആവശ്യമാണെങ്കിൽ മറ്റൊരാൾക്ക് ടി. ഒഴിവിൽ ജോലി ചെയ്യാൻ പര്യാപ്തമായ രീതിയിൽ അവധി അപേക്ഷ നൽകേണ്ടതും. അതിനു സാധ്യമാകുന്നില്ലെങ്കിൽ കൃത്യമായി വിദ്യാലയത്തിൽ ഹാജരായി മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാണെന്നും കർശന താക്കീത് നൽകിയിരുന്നു. തുടർന്നും മേൽ നിർദ്ദേശം പാലിക്കാതെ ഹാജരില്ലായ്മ തുടർന്നപ്പോഴാണ് കുറ്റപത്രം നൽകി അച്ചടക്ക നടപടിയിലേയ്ക്ക് കടന്നത്.

കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ.മുഹമ്മദ് അസ്‌ലം നെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ക്രമങ്ങളിൽ വീഴ്ച വന്നിട്ടുണ്ട്. ഇപ്രകാരം സംഭവിച്ച സാങ്കേതികത്വത്തിലെ പിഴവാണ് ശ്രീ.മുഹമ്മദ് അസ്‌ലം നെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഉത്തരവ് സർക്കാർ റദ്ദു ചെയ്യുവാൻ കാരണമായിട്ടുള്ളത്. ടിയാളുടെ ഭാഗത്തു നിന്നും മേൽ അച്ചടക്ക നടപടിയ്ക്ക് ആധാരമായ സംഭവം നടന്നിട്ടുണ്ട് എന്നത് ടിയാൻ തന്നെ രേഖാമൂലം സമർപ്പിച്ചിട്ടുള്ളതും അന്വേഷണത്തിൽ പങ്കെടുത്തവരുടെ മൊഴികളിൽ നിന്നും വ്യക്തമാണ്.

## ചാർജ്ജുകളിന്മേൽ കാരണങ്ങൾ വ്യക്തമാക്കികൊണ്ടുള്ള റിപ്പോർട്ട്

അന്വേഷണ വേളയിൽ ലഭ്യമായ രേഖകളും സാക്ഷി മൊഴികളും പരിഗണിക്കുമ്പോൾ ശ്രീ.മുഹമ്മദ് അസ്‌ലം നെതിരായി ചാർജ്ജുകൾ പൂർണ്ണമായും നില നിൽക്കുന്നുണ്ട്.

സന്തോഷ് സി.എ.
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം